# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1695 — 21/1/2014 ൽ മറുപടിയ്ക്ക്

## റബർ കർഷകർ നേരിടുന്ന പ്രതിസന്ധികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, എ.കെ. ബാലൻ<br>,, കെ. സുരേഷ് കുറുപ്പ്<br>,, സാജു പോൾ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുറഞ്ഞ തീരുവയിൽ വൻതോതിൽ റബ്ബർ ഇറക്കുമതി നടത്താൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിരിക്കുന്നതു മൂലം റബ്ബർ കൊണ്ടു മാത്രം ഉപജീവനം നടത്തുന്ന പന്ത്രണ്ട് ലക്ഷത്തോളം വരുന്ന ചെറുകിട റബ്ബർ കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) റബ്ബർ അധിഷ്ഠിത ഉല്പന്നങ്ങളുടെ വില ഗണ്യമായി വർദ്ധിച്ചു കൊണ്ടിരിക്കുമ്പോഴും അസംസ്കൃത റബ്ബറിന്റെ വില കുറയുന്നതിന്റെ കാരണം പരിഗണിച്ചിട്ടുണ്ടോ ; | (ബി) റബർ അധിഷ്ഠിത ഉല്പന്നങ്ങളുടെ വില അസംസ്കൃത റബ്ബറിന്റെ വിലയെ മാത്രം ആശ്രയിച്ചല്ല നിർണ്ണയിക്കപ്പെടുന്നത്. റബർ വില കുറയുന്നതിന്റെ പ്രധാനകാരണങ്ങൾ, ആഭ്യന്തര- അന്താരാഷ്ട്ര ആവശ്യകതയിലുണ്ടാകുന്ന വ്യതിയാനവും, അന്താരാഷ്ട്ര കമ്പോള വിലയിലുണ്ടാകുന്ന കുറവുമാണ്. |

(സി) 2011 മാർച്ചിൽ ഉണ്ടായിരുന്ന റബ്ബർവിലയും 2013 മാർച്ചിലെ വിലയും താരതമ്യം ചെയ്ത് വില യിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരളത്തിൽ കർഷകർ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന ആർ എസ് എസ് 4 ഗ്രേഡ് റബ്ബറിന്റെ 2011 മാർച്ചിലെ ശരാശരി വില ക്വിന്റലിന് 24530 രൂപയായിരുന്നു. എന്നാൽ 2013 മാർച്ചിൽ പ്രസ്തുത വില ക്വിന്റലിന് 17784 രൂപയായി കുറഞ്ഞു. വിവിധ രാജ്യങ്ങളിലെ വ്യാവസായിക മാന്ദ്യവും (വാഹനവ്യവസായം ഉൾപ്പെടെ) സാമ്പത്തിക മാന്ദ്യവുമാണ് റബ്ബറിന്റെ അന്താരാഷ്ട്ര വിലത്തകർച്ചയ്ക്ക് പ്രധാനകാരണം.

(ഡി) ഇതേ കാലയളവിലെ കൃഷിക്കാരന്റെ റബ്ബർ ഉല്പാദന ച്ചെലവും ഇപ്പോഴത്തെ ചെലവും തമ്മിലുള്ള വ്യത്യാസം വില യിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) റബ്ബർ കൃഷി ഉൾപ്പെടെ എല്ലാ കൃഷിയുടേയും ചെലവുകളിൽ പ്രസ്തുത കാലത്ത് നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വളത്തിന്റെ വില വർദ്ധനവും വർദ്ധിച്ച പണിക്കൂലിയുമാണ് കാർഷിക ഉല്പാദന- ച്ചെലവ് കൂടാനുള്ള പ്രധാന കാരണം.

(ഇ) ഇത് സംബന്ധിച്ച കേന്ദ്ര ഗവൺമെന്റ് നയ ത്തിൽ മാറ്റം വരുത്താതിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിരി ക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ സാമ്പത്തികവർഷം കമ്പനികൾക്കാവശ്യ മായ റബ്ബർ ഇറക്കുമതി ചെയ്തതിനു ശേഷം മാത്രമാണ് തീരുവ അല്പം വർദ്ധിപ്പിച്ചതെന്ന കാര്യം സർക്കാരി- നറിയാമോ?

(ഇ) കേന്ദ്രസർക്കാരിനോട് റബ്ബർ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുവാൻ ആവശ്യ- പ്പെട്ടിട്ടുണ്ട്. രാജ്യത്തെ നിലവിലുള്ള നിയമമനുസരിച്ച് കമ്പനികൾ ആഭ്യന്തര മാർക്കറ്റിൽ നിന്നും അന്താരാഷ്ട്ര മാർക്കറ്റിൽ നിന്നും റബ്ബർ വാങ്ങുന്നുണ്ട്

സെക്ഷൻ ഓഫീസർ.